12
ജനുവരി 2017 വ്യാഴം
1192 ധനു 28
തിരുവനന്തപുരം

കേരള കൗമുദി

SINCE 1911

FOUNDER EDITOR: K. SUKUMARAN B.A

105 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 6.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BANGALORE www.keralakaumudi.com www.facebook.com/keralakaumudidaily

ഒറ്റനോട്ടം

നിറകണ്ണുകളോടെ നന്ദി പറഞ്ഞ് വിടവാങ്ങൽ
പേജ് 11



കർഷകന്റെ ചങ്ക് തകർത്ത് പട്ടാളപ്പുഴു
പേജ് 07

അലോപ്പതിക്കാർക്ക് ആയുർവേദ പി.ജിയും പഠിക്കാം
പേജ് 08

കെ.എം. ഫിലിപ്പ് അന്തരിച്ചു

ചെന്നൈ: മലയാള മനോരമ മുൻ ഡയറക്ടറും ആഗോള വൈ. എം. സി. എ പ്രസ്ഥാനത്തിന്റെ ഏഷ്യയിൽ നിന്നുള്ള ആദ്യ സാരഥിയും മുംബയ് വൈ. എം. സി. എ മുൻ പ്രസിഡന്റുമായ പത്മശ്രീ കെ. എം. ഫിലിപ്പ് (പീലിക്കുട്ടി-104) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11.30ന് ചെന്നൈ കോളജ് ലെയിൻ കിൽപോക് സെമിത്തേരിയിൽ.

മലയാളമനോരമപത്രാധിപരായിരുന്ന കെ. സി. മാമ്മൻ മാപ്പിള - സാറാ ദമ്പതികളുടെ ആറാമത്തെ പുത്രനായി 1912 മേയ് രണ്ടിന് കോട്ടയത്താണ് ജനനം. ലോക വൈ. എം. സി. എയുടെ പ്രസിഡന്റായി 1974ൽ തിരഞ്ഞെടുക്കപ്പെട്ട. ഇന്ത്യൻ വൈ. എം. സി. എ ദേശീയ കൗൺസിൽ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ജനീവ ആസ്ഥാനമായി പ്രവർത്തിക്കുന്ന വേൾഡ് കൗൺസിൽ ഒഫ് ചർച്ചസിന്റെ കീഴിലുള്ള ലോക വികസന ബാങ്ക് ഡയറക്ടർ, കർണാടകയിലെ എം. എം പ്ലാന്റേഷൻ കമ്പനികളുടെ ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചു. മുംബയ് ചേംബർ ഒഫ് കൊമേഴ്സ്, മുംബയ് ടീ ഡീലേഴ്സ് അസോസിയേഷൻ തുടങ്ങിയവയുടെ എക്സിക്യൂട്ടിവ് കമ്മിറ്റികളിൽ അംഗമായിരുന്നു.

ബ്രിട്ടീഷ് സർക്കാരിൽ ഡി. എം. ഒ ആയിരുന്ന മുളന്തുരുത്തി മുക്കഞ്ചേരിൽ പരേതനായ ഡോ. എം. പി. പീറ്ററിന്റെ മകൾ പരേതയായ ചിന്നമ്മയാണ് ഭാര്യ. മക്കൾ: മാമ്മൻ ഫിലിപ്പ് (ചെയർമാൻ, എം. എം റബർ കമ്പനി, ചെന്നൈ), ഡോ. പീറ്റർ ഫിലിപ്പ് (മലയാള മനോരമ ഡയറക്ടർ, മുംബയ് ഇന്ത്യ കോഫി ആൻഡ് ടീ ഡിസ്ട്രിബ്യൂട്ടിംഗ് കമ്പനി മാനേജിംഗ് ഡയറക്ടർ). മരുമക്കൾ: അന്നമ്മ, മീര.

തലവര

വിഭാഗീയത അടഞ്ഞ അദ്ധ്യായം: കോടിയേരി

അട(അ)ച്ച അദ്ധ്യായം...

വെറുതേ ഒരു ഡയറി

- സഹാറ-ബിർള രേഖകളിൽ ഒന്നുമില്ലെന്ന് സുപ്രീംകോടതി
- മോദിക്കെതിരെ ഉത്തരവിടാനാവില്ല

◗ വി.എസ്. സനകൻ

ന്യൂഡൽഹി: ഒരു കമ്പ്യൂട്ടറിന്റെ സഹായത്തോടെ ആർക്കും വ്യാജമായി നിർമ്മിക്കാൻ പറ്റുന്നതാണെന്ന് നിരീക്ഷിച്ച്, സഹാറ, ബിർള ഗ്രൂപ്പുകളിൽ നിന്ന് പിടിച്ചെടുത്ത രാഷ്ട്രീയക്കാർക്ക് നൽകിയ കോഴക്കണക്കുകളെഴുതിയ ഡയറിയും രേഖകളും സുപ്രീംകോടതി തള്ളിക്കളഞ്ഞു. ഈ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരെ അന്വേഷണത്തിന് ഉത്തരവിടാനാവില്ലെന്നും കോടതി വ്യക്തമാക്കി.

മോദിക്കെതിരെ അന്വേഷണം ആവശ്യപ്പെട്ട് അഡ്വ. പ്രശാന്ത് ഭൂഷൺ മുഖേന കോമൺകോസ് എന്ന എൻ.ജി.ഒ നൽകിയ ഹർജിയാണ് ജസ്റ്റിസുമാരായ അരുൺമിശ്ര, അമിതാവ റോയ് എന്നിവരുടെ ബെഞ്ച് തള്ളിയത്.

സഹാറ ഗ്രൂപ്പ് വിഷയത്തിൽ ആദായനികുതി ഒത്തുതീർപ്പാക്കൽ കമ്മിഷന്റെ ഉത്തരവ് ഉദ്ധരിച്ചാണ് കോടതി ഹർജി തള്ളിയത്. സഹാറ ഗ്രൂപ്പിൽ നിന്ന് പിടിച്ചെടുത്ത രേഖകൾ കെട്ടിച്ചമച്ചതാണെന്ന് കമ്മിഷൻ കണ്ടെത്തിയിരുന്നു.

ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്നപ്പോൾ നരേന്ദ്രമോദി സഹാറ ഗ്രൂപ്പിൽ നിന്ന് കോഴ വാങ്ങിയതിന്റെ തെളിവ് ആദായനികുതി വകുപ്പിന്റെ പക്കലുണ്ടെന്നായിരുന്നു കോൺഗ്രസ് ഉപാദ്ധ്യക്ഷൻ രാഹുൽ ഗാന്ധി ആരോപിച്ചത്. ഇതിന് പുറമേ ആദിത്യ ബിർള ഗ്രൂപ്പിൽനിന്ന് മോദി കോഴവാങ്ങിയതിന്റെ രേഖകൾ ആദായ നികുതി വകുപ്പ് റെയ്ഡിൽ കണ്ടെത്തിയിട്ടുണ്ടെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളും ആരോപിച്ചിരുന്നു. കോഴ വാങ്ങിയ കൃത്യമായ ദിവസം അടക്കം വ്യക്തമാക്കിയായിരുന്നു ഇരുവരും ആരോപണമുന്നയിച്ചത്. അഞ്ച് സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കാനിരിക്കെ, കേസ് കോടതി തള്ളിയത് മോദിയുടെയും ബി. ജെ. പിയുടെയും ഇമേജിന്റെ ഗ്രാഫ് ഉയർത്തിയിരിക്കുകയാണ്.

ബെഞ്ചിന്റെ നിരീക്ഷണം

“ചില കടലാസുകളും ഇ - മെയിലുകളുടെ പ്രിന്റൗട്ടുകളും കൈകൊണ്ട് എഴുതിയ ഡയറിക്കുറിപ്പുകളുമാണ് രേഖകളായി കോടതിയിൽ സമർപ്പിച്ചത്. ഇതിൽ കഴമ്പില്ല. ഇത് വച്ച് നിയമപരമായി അന്വേഷണത്തിന് ഉത്തരവിടാനാവില്ല. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ ഇത് അപര്യാപ്തമാണ്. അതും ഉയർന്ന ഭരണഘടനാ പദവികൾ വഹിക്കുന്നവർക്കെതിരെ ആകുമ്പോൾ സൂക്ഷ്മത പാലിക്കണം. ഈ രേഖകൾ കെട്ടിച്ചമച്ചതാണെന്ന് ആദായനികുതി വകുപ്പ് തന്നെ നേരത്തേ വിലയിരുത്തിയതാണ്

ബെഞ്ച് മാറി

ചീഫ് ജസ്റ്റിസ് ജെ. എസ്. കേഹാറും ജസ്റ്റിസ് അരുൺ മിശ്രയും അടങ്ങുന്ന ബെഞ്ചാണ് ഈ ഹർജി നേരത്തേ പരിഗണിച്ചത്. ഡിസംബറിൽ ഹർജി പരിഗണിച്ചപ്പോൾ വാദം കേൾക്കുന്നതിൽ നിന്ന് ജസ്റ്റിസ് കേഹാർ പിന്മാറണമെന്ന് പ്രശാന്ത് ഭൂഷൺ ആവശ്യപ്പെട്ടിരുന്നു. ചീഫ് ജസ്റ്റിസ് സ്ഥാനത്തേക്കുള്ള ജസ്റ്റിസ് കേഹാറിന്റെ നിയമനവുമായി ബന്ധപ്പെട്ട ഫയൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണെന്നായിരുന്നു ഭൂഷണിന്റെ വാദം. തുടർന്നാണ് കേസ് മാറ്റിവച്ചത്.

ജസ്റ്റിസ് കേഹാർ ചീഫ് ജസ്റ്റിസായതോടെ കേസിൽ നിന്ന് അദ്ദേഹം ഒഴിയുകയും പുതിയ ബെഞ്ചിന് കൈമാറുകയും ചെയ്തു.

രാഷ്ട്രീയ പാർട്ടികളുടെ അസാധുനോട്ടിന് നികുതിയില്ല

ന്യൂഡൽഹി: അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്കുള്ള ആദായ നികുതി ഇളവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി സുപ്രീംകോടതി തള്ളി. ചീഫ് ജസ്റ്റിസ് ജെ. എസ്. കെഹാർ അദ്ധ്യക്ഷനായ ബെഞ്ചിന്റേതാണ് നടപടി. നികുതി ഇളവ് ഏതൊക്കെ വിഭാഗത്തിന് നൽകണമെന്ന് എക്സിക്യൂട്ടിവ് ആണ് തീരുമാനിക്കുന്നതെന്നും അക്കാര്യങ്ങളിൽ ഇടപെടില്ലെന്നും ബെഞ്ച് വ്യക്തമാക്കി.

1961 ലെ ആദായ നികുതി വകുപ്പിലെ 13എ വകുപ്പ് പ്രകാരം രാഷ്ട്രീയ പാർട്ടികൾക്ക് ലഭിക്കുന്ന ഫണ്ടിന് നൂറ് ശതമാനം ആദായ നികുതി ഇളവുണ്ട്. 20,000 രൂപയ്ക്ക് മുകളിൽ ലഭിക്കുന്ന സംഭാവനകളുടെ സ്രോതസ് മാത്രമാണ് വെളിപ്പെടുത്തേണ്ടത്. ഇത് റദ്ദാക്കണമെന്നായിരുന്നു ഹർജി നൽകിയ അഡ്വ. എം. എൽ. ശർമ്മയുടെ ആവശ്യം.

രാഷ്ട്രീയ പാർട്ടികൾ അവരുടെ സ്വന്തം അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്ന അസാധുവായ 500, 1000 രൂപ നോട്ടുകളുടെ സ്രോതസ് പരിശോധിക്കില്ലെന്ന് കേന്ദ്ര ധനകാര്യ സെക്രട്ടറിയുടെ പ്രസ്താവനയാണ് ഹർജി നൽകാൻ ശർമ്മയെ പ്രേരിപ്പിച്ചത്. ഹർജിയിൽ കഴമ്പില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് കോടതി തള്ളിയത്.

എൻജി. മാനേജ്മെന്റ് ഓഫീസ് കെ.എസ്.യുക്കാർ തകർത്തു

സ്വാശ്രയ എൻജിനിയറിംഗ് കോളേജുകൾ ഇന്ന് അടച്ചിടും

◗ പ്രത്യേക ലേഖകൻ

കൊച്ചി: സ്വാശ്രയ കോളേജുകൾക്കും ഓഫീസിനും നേരെയുണ്ടായ ആക്രമണങ്ങളിൽ പ്രതിഷേധിച്ച് ഇന്ന് 120 സ്വാശ്രയ എൻജിനിയറിംഗ് കോളേജുകളും അടച്ചിടാൻ മാനേജ്മെന്റ് അസോസിയേഷൻ തീരുമാനിച്ചു. അസോസിയേഷന്റെ യോഗം നടന്ന കൂണ്ടന്നൂരിലെ ഓഫീസ് കെ. എസ്. യു പ്രവർത്തകർ അടിച്ചുതകർത്ത സാഹചര്യത്തിലാണ് ഇന്ന് കോളേജുകൾ അടച്ചിടുന്നത്. നെഹ്റു കോളേജിനെതിരായ അക്രമത്തിലും യോഗം പ്രതിഷേധിച്ചു.

ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സർക്കാർ തയ്യാറായില്ലെങ്കിൽ കോളേജുകൾ അനിശ്ചിതകാലം അടച്ചിടുമെന്ന് അസോസിയേഷൻ പ്രസിഡന്റ് പ്രൊഫ. ജോറിമത്തായി പറഞ്ഞു.

പാമ്പാടി നെഹ്റു കോളേജിലെ പ്രശ്നങ്ങൾ പരിശോധിക്കാൻ അസോസിയേഷന്റെ എത്തിക്സ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുന്ന പരാതികളും അച്ചടക്ക നടപടിയും കമ്മിറ്റി പരിഗണിക്കും. സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഓംബുഡ്സ്മാനെ നിയമിക്കുന്നതിനെ യോഗം സ്വാഗതം ചെയ്തു.

സ്വാശ്രയ എൻജി. മാനേജ്മെന്റ് അസോസിയേഷൻ ഓഫീസ് കെ.എസ്.യു പ്രവർത്തകർ അടിച്ചുതകർക്കുന്നു

പരാതി കേൾക്കാൻ ഓംബുഡ്സ്മാൻ

തിരുവനന്തപുരം: സ്വാശ്രയ എൻജിനിയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് പരാതി സമർപ്പിച്ച് പരിഹാരം കാണാൻ ഓംബുഡ്സ്മാനെ നിയമിക്കാൻ സാങ്കേതിക സർവകലാശാലാ ബോർഡ് ഓഫ് ഗവേണിംഗ് തീരുമാനിച്ചു. പാമ്പാടി എൻജിനിയറിംഗ് കോളേജ് വിദ്യാർത്ഥി ജിഷ്ണു പ്രണോയ് ആത്മഹത്യ ചെയ്ത സംഭവം വിവാദമായ സാഹചര്യത്തിലാണിത്. ജില്ലാ ജഡ്ജിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കും ഓംബുഡ്സ്മാൻ. സ്വതന്ത്ര ചുമതലയായിരിക്കും. സർക്കാർ എൻജിനിയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്കും ഓംബുഡ്സ്മാന് പരാതി സമർപ്പിക്കാം.

യോഗം ചേർന്ന കൂണ്ടന്നൂരിലെ അസോസിയേഷൻ ഓഫീസിലേക്ക് കെ.എസ്.യു പ്രവർത്തകർ നടത്തിയ മാർച്ച് അക്രമാസക്തമാവുകയായിരുന്നു. നെഹ്റു കോളേജിനെ അസോസിയേഷൻ പിന്തുണയ്ക്കുന്നതായി ആരോപിച്ച പ്രവർത്തകർ ഓഫീസിലെ ഫർണിച്ചറുകളും ജനൽച്ചില്ലുകളും തകർത്തു.

നിവേദനം നൽകണമെന്ന ആവശ്യം ഓഫീസിലുണ്ടായിരുന്നവർ നിരസിച്ചതോടെയാണ് പ്രവർത്തകർ അക്രമം ആരംഭിച്ചത്. പൊലീസ് ഇവരെ നീക്കം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി പി. വൈ. ഷാജഹാൻ, ജില്ലാ പ്രസിഡന്റ് ടിറ്റോ ആന്റണി, ജില്ലാ സെക്രട്ടറി കെ. സേതുരാജ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പ്രതിഷേധം.

അമ്പലപ്പുഴ സംഘം സമൂഹ പെരിയോർ കളത്തിൽ ചന്ദ്രശേഖരൻ നായരുടെ നേതൃത്വത്തിൽ എരുമേലി കൊച്ചമ്പലത്തിൽ നിന്ന് പേട്ടകെട്ടി ധർമ്മ ശാസ്താ ക്ഷേത്രത്തിലേക്ക് നീങ്ങുന്നു ഫോട്ടോ: ശ്രീകുമാർ ആലപ്പ

സ്വാശ്രയ കോളേജ് പ്രവർത്തനം പരിശോധിക്കാൻ സമിതി

ജിഷ്ണുവിന്റെ കുടുംബത്തിന് 10 ലക്ഷം

തിരുവനന്തപുരം: തൃശ്ശൂർ പാമ്പാടി നെഹ്റു എൻജിനിയറിംഗ് കോളേജ് വിദ്യാർത്ഥി ജിഷ്ണു ജീവനൊടുക്കിയതുമായി ബന്ധപ്പെട്ട സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ സ്വാശ്രയ കോളേജുകളുടെ പ്രവർത്തനം പരിശോധിക്കാൻ ഉന്നതതല സമിതിയെ നിയോഗിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. വിദ്യാഭ്യാസമന്ത്രി സി. രവീന്ദ്രനാഥിനാണ് സമിതിയുടെ ഏകോപനച്ചുമതല. ജിഷ്ണുവിന്റെ കുടുംബത്തിന് 10 ലക്ഷം രൂപ ധനസഹായം നൽകും. നെഹ്റു കോളേജിലുണ്ടായ പ്രശ്നങ്ങളെ അതീവഗൗരവത്തോടെ കാണുന്നു. ഇതുപോലുള്ള പ്രശ്നങ്ങൾ ആവർത്തിക്കരുതെന്നപൊതുവികാരവും യോഗത്തിലുണ്ടായി. കോട്ടയം ജില്ലയിലെ സ്വാശ്രയ എൻജിനിയറിംഗ് കോളേജിൽ വിദ്യാർത്ഥികളെ പീഡിപ്പിക്കുന്ന കാര്യം ഒരു മന്ത്രി ചൂണ്ടിക്കാട്ടിയപ്പോൾ അക്കാര്യം പ്രത്യേകം അന്വേഷിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു.

കടുപ്പിച്ച് മുഖ്യമന്ത്രി; പോൾ ആന്റണിയെ വ്യവസായവകുപ്പിൽ നിന്ന് മാറ്റും

◗ എം.എച്ച്. വിഷ്ണു

തിരുവനന്തപുരം: ഐ. എ. എസുകാരുടെ സമര ഭീഷണിയും നിസഹകരണവും അവഗണിച്ച്, ബന്ധുനിയമനക്കേസിൽ മൂന്നാംപ്രതിയായ അഡി. ചീഫ്സെക്രട്ടറി പോൾ ആന്റണിയെ വ്യവസായ വകുപ്പിൽ നിന്ന് മാറ്റാൻ മുഖ്യമന്ത്രി പിണറായി വിജയൻ ചീഫ്സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

ആസൂത്രണം, പൊതുമരാമത്ത്, ആരോഗ്യം എന്നീ വകുപ്പുകളിൽ ഒന്നിലേക്കായിരിക്കും പോൾ ആന്റണിയെ മാറ്റുക. സ്ഥലംമാറ്റ ഉത്തരവ് ഇന്ന് ഇറങ്ങിയേക്കും. അഡി. ചീഫ്സെക്രട്ടറിമാരായ പി. മാരപാണ്ഡ്യൻ, രാജീവ് സദാനന്ദൻ, സുബ്രത ബിശ്വാസ് എന്നിവരെയാണ് വ്യവസായ സെക്രട്ടറി സ്ഥാനത്തേക്ക് പരിഗണിക്കുന്നത്.

അഴിമതിക്കേസിൽ വിജിലൻസ് അറസ്റ്റ് ചെയ്ത് ജയിലിലടച്ച മലബാർ സിമന്റ്സ് മുൻ എം. ഡി കെ. പദ്മകുമാറിനെ പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡിൽ (റിയാബ്) നിന്ന് മുൻകാല പ്രാബല്യത്തോടെ സസ്പെൻഡ് ചെയ്യാനും മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഉത്തരവ് ഇന്നിറങ്ങും.

വിജിലൻസ് മേധാവി ജേക്കബ് തോമസ് ആവശ്യപ്പെട്ടിട്ടും പദ്മകുമാറിന്റെ സസ്പെൻഷൻ ഉത്തരവ് ഇറക്കിയിരുന്നില്ല. 48 മണിക്കൂർ

പോൾ ആന്റണി

റിമാൻഡിലായ ഉദ്യോഗസ്ഥൻ ക്ലാസിഫിക്കേഷൻ കൺട്രോൾ ആൻഡ് അപ്പീൽ ചട്ടപ്രകാരം നിർബന്ധിത സസ്പെൻഷനിൽ ആകേണ്ടതാണ്. സസ്പെൻഷന് നിയമസെക്രട്ടറിയും ശുപാർശ ചെയ്തിരുന്നു. എന്നാൽ പദ്മകുമാറിന്റെ അറസ്റ്റും റിമാൻഡും ചട്ടവിരുദ്ധമാണെന്ന് വാദിക്കുന്ന ഐ. എ. എസ് ഉദ്യോഗസ്ഥർ സസ്പെൻഷൻ ഉത്തരവിറക്കിയില്ല.

അതിനിടെ, ഐ. എ. എസുകാരനല്ലാത്ത പദ്മകുമാറിന്റെ അറസ്റ്റിനെതിരേ, ഐ. എ. എസുകാരുടെ ഹസ്യയോഗം പ്രമേയം പാസാക്കിയതിൽ ഐ. എ. എസ് അസോസിയേഷൻ അതൃപ്തി അറിയിച്ചു. അറസ്റ്റ് സുപ്രീംകോടതി ഉത്തരവിന് എതിരാണെന്നാണ് പ്രമേയം. ഭരണത്തിലെ വീഴ്ചയ്ക്ക് ഇടുക്കിയിലെ ആറ് കളക്ടർമാർക്കെതിരേ വിജിലൻസ് കേസെടുത്തത് കണ്ടില്ലെന്ന് നടിച്ചാണ് പദ്മകുമാറിനായി അഡി. ചീഫ്സെക്രട്ടറിമാർ രംഗത്തിറങ്ങിയത്. സെന്റർഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിൽ നിന്ന് ഐ. എ. എസുകാരുടെ സ്വാധീനത്തിൽ റിയാബിലെത്തിയ പദ്മകുമാറിന് ഗവ. സെക്രട്ടറിയുടെ പദവിയും ആനുകൂല്യങ്ങളുമുണ്ട്.

കെ. എം. എബ്രഹാം ഐ.സി.യുവിൽ

ധനകാര്യ അഡി. ചീഫ്സെക്രട്ടറി കെ. എം. എബ്രഹാമിനെ കടുത്ത പനിയെത്തുടർന്ന് മെഡിക്കൽകോളേജ് ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചു. ഡെങ്കിപ്പനിയാണെന്ന സംശയമുണ്ടെന്ന് ഡോക്ടർമാർ അറിയിച്ചു.

ചർച്ച തുടരും, ഉടനില്ല

ഐ. എ. എസുകാരുമായി മുഖ്യമന്ത്രി ഒരു കൂടിക്കാഴ്ച കൂടി നടത്തും. ഇത് ഉടനേയുണ്ടാവില്ല. ഫയലുകൾ വൈകിപ്പിച്ച് നിസഹകരണം തുടരാനാണ് ഐ. എ. എസ് ലോബിയുടെ തീരുമാനം.

സതീബായിയുടെ വീട്ടിൽ ജനപ്രതിനിധികളും പൊലീസും പരിശോധന നടത്തുന്നു. സതീബായി വലത്തേയറ്റത്ത്

ഒരു അസാധു അമ്മച്ചിയുടെ നോട്ട് പുരാണം

അക്ഷരങ്ങൾ അച്ചടിച്ചുകൂട്ടിയ പുസ്തകത്താളിൽ നിന്ന് നീ പഠിച്ച ഇന്ത്യ അല്ല. അനുഭവങ്ങളുടെ ഇന്ത്യ. കോടിക്കണക്കായ പട്ടിണിക്കാരുടെയും നിരക്ഷരുടെയും ഇന്ത്യ.

കടപ്പാട്: ദ കിംഗ് എന്ന സിനിമയിൽ മമ്മൂട്ടി പറയുന്ന രഞ്ജി പണിക്കർ എഴുതിയ ഡയലോഗ്.

◗ പ്രത്യേക ലേഖകൻ

കൊച്ചി: മുകളിൽ പറഞ്ഞ വാചകങ്ങളെ ഓർമ്മയിലെത്തിക്കുന്ന ഒരു സംഭവമാണ് വരാപ്പുഴയിൽ ഇന്നലെ നടന്നത്. നോട്ട് നിരോധിച്ചതൊന്നും അറിയാതെ കഴിഞ്ഞിരുന്നൊരു അമ്മച്ചിയുടെ വീട്ടിൽ നിന്ന് പഞ്ചായത്തുകാരും പൊലീസുകാരും ബലമായി പിടിച്ചെടുത്തത് നാലു ലക്ഷം രൂപയുടെ 1000, 500 നോട്ടുകൾ. ബലമായി പിടിച്ചെടുക്കാൻ കാര്യമുണ്ട്. അമ്മച്ചിയെയും വീട്ടിൽക്കയറ്റിയില്ല. ആരെങ്കിലും എത്തിനോക്കിയാൽ ചീത്ത വിളിക്കും. ഇത്തിരി നൊസ്സാണെന്നാണ് നാട്ടുകാർ പറയുന്നത്. ഒറ്റയ്ക്കാണ് താമസം. സർവീസിൽനിന്ന് 13 വർഷം മുമ്പാണ് വിരമിച്ചത്. അതിനുമുമ്പേ ഭർത്താവ് മരിച്ചു. ഏകമകൾ 10 വർഷംമുമ്പ് ആത്മഹത്യ ചെയ്തു. ഇതോടെയാണ് എല്ലാവരിൽനിന്നും അകന്ന് ഏകാന്തവാസം തുടങ്ങിയത്.

ഒന്നോ രണ്ടോ മാസം കൂടുമ്പോഴാണ് വീട്ടുസാധനങ്ങൾ വാങ്ങാൻ വെളിയിലിറങ്ങുന്നത്. നേരത്തേ നൂറിന്റെ നോട്ടുകളുമായിട്ടായിരിക്കും ഇറങ്ങിയത്. അതുകൊണ്ട് കടക്കാരനും അറിഞ്ഞില്ല. 1000, 500 നോട്ടുകൾ കൈവശം വച്ചാൽ അകത്താവും എന്ന വാർത്തയും വന്നുകഴിഞ്ഞാണ് വരാപ്പുഴ ചിറയ്ക്കകം ഭഗവതിപറമ്പിൽവീട്ടിൽ 75 വയസുള്ള സതീബായി 1000 രൂപയുടെ നോട്ടും വീശിയിറങ്ങിയത്. കടയുടമ പറഞ്ഞതു കേട്ട് സതീബായി നടുങ്ങിയില്ല. വീട്ടിൽ ഇത്തരം നോട്ടുകൾ ഒരു ചെറിയ ചാക്കു നിറയെ ഉണ്ടെന്നറിയിച്ചു. മൂഗസംരക്ഷണ വകുപ്പിൽ അറ്റൻഡറായി ജോലി ചെയ്തശേഷം പിന്നീട് പെൻഷനായപ്പോഴും ലഭിച്ച പണമാണ്. കടയുടമ ജനപ്രതിനിധികളെ വിവരമറിയിച്ചു. വരാപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് കെ. എസ്. മുഹമ്മദിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾ വീട്ടിലെത്തിയെങ്കിലും ഇറങ്ങിപ്പോയിനെടാ എന്നാണ് അമ്മച്ചി പറഞ്ഞത്. പക്ഷേ അതവർ കാര്യമാക്കിയില്ല. പൊലീസിനെ വിളിച്ചു. അവർ പരിശോധിച്ചപ്പോൾ നാലു ലക്ഷം രൂപയുടെ 1000, 500 നോട്ടുകൾ ഉണ്ടായിരുന്നു, ഒരു പ്ലാസ്റ്റിക് കവറിൽ.

ആയിരത്തിന്റെ 130 ഉം അഞ്ഞൂറിന്റെ 540 ഉം നോട്ടുകൾ. വരാപ്പുഴ എസ്. ഐ സി. എസ്. ഷാരോൺ നോട്ട് കസ്റ്റഡിയിലെടുത്തു.

നോട്ട് മാറിക്കിട്ടും

അധികൃതരെല്ലാം ഇടപെട്ടതിനാലും ഉടമസ്ഥ് യാതൊരു താത്പര്യവുമില്ലാത്തതിനാലും നോട്ട് മാറിക്കിട്ടാനുള്ള വഴി തെളിയുകയാണ്. ആദ്യപടിയായി അസാധു നോട്ടുകൾ ആർ. ഡി. ഒ കോടതിക്ക് പൊലീസ് കൈമാറും.

സതീബായിയുടെ വരുമാനം സംബന്ധിച്ച് ആദായനികുതി വകുപ്പ് പരിശോധന തുടങ്ങി. ആദായനികുതി വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ചശേഷമേ നോട്ടുകൾ ഫോർട്ടുകൊച്ചി ആർ. ഡി. ഒ കോടതിയിൽ സമർപ്പിക്കൂ. ആർ. ഡി. ഒയുടെ ഉത്തരവോടെ ചെന്നൈ മേഖലാ ഓഫീസ് വഴി മാർച്ച് 31 നകം നോട്ടുകൾ മാറിയെടുക്കാം.

ഹെവി വാഹനങ്ങൾക്ക് ഭാരത് സ്റ്റേജ് - 4 നിർബന്ധം

കൊച്ചി: പുതിയ ഹെവി വാഹനങ്ങളിൽ മലിനീകരണ നിയന്ത്രണത്തിന്റെ ഭാരത് സ്റ്റേജ് - 4 നിലവാരമുള്ളവ മാത്രം രജിസ്റ്റർ ചെയ്താൽ മതിയെന്ന വ്യവസ്ഥ ഹൈക്കോടതി ശരിവച്ചു. നാലു ചക്രങ്ങളിൽ കൂടുതലുള്ള വാഹനങ്ങൾക്ക് ഭാരത് സ്റ്റേജ് - 4 നിലവാരം നിർബന്ധമാക്കിയ ടാൻസ്പോർട്ട് കമ്മിഷണറുടെ ഉത്തരവിനെതിരെ നെടുമ്പാശേരിയിലെ ഓട്ടോബെൻ ടെക്കിംഗ് അധികൃതർ നൽകിയ ഹർജിതള്ളിയാണ് ഹൈക്കോടതി ഇക്കാര്യം വ്യക്തമാക്കിയത്. ഡൽഹി ഉൾപ്പെടെയുള്ള നഗരങ്ങളിൽ 2010 ഏപ്രിൽ മുതൽ ഹെവി വാഹനങ്ങൾക്ക് ഭാരത് സ്റ്റേജ് - 4 നിലവാരം നിർബന്ധമാക്കിയിരുന്നു.